# little bytes

DIGITAL MAGAZINE



CALICUT GIRLS VOCATIONAL&
HIGHER SECONDARY SCHOOL

KUNDUNGAL, P.O. KALLAI, KOZHIKODE - 673003




little KITEs

**LITTLE KITES UNIT**

## Student Editor:

Nafiha Nazar

## Editorial Board:

Nahra Noushad
Amikh shirin
Daniya Farha
Minha Sadique
Ashiqa Nidha
Aysha Leen
Aysha Neha
Nuha Harif
Aysha Sana
Nasha S.V

## Staff members:

K.M. Rasheedabeegam
Firoza moidu
Shabana S.V.
Aysha shabana
Hafseena rahmath P.V.
Jaseela K.V.

## Cover Page Designed by :

Nafiha Nazar

# INDEX


സന്ദേശം.....................................................................5- 9
കൗതുകം പകരുന്ന സൗഹൃദ കൂട്ടായ്മ .............10-11
എ.ട്ടി.എൽ. ലാബ്...................................................14-15
എഴുത്തിന്റെ വീഥികൾ............................................16-86
പെയിന്റിങ്ങ്സ്.........................................................87
ഫോട്ടോ ഗാലറി.......................................................88-98



സ്കൂൾ ഐ.ടി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സ് വാനിൽ ഉയരെ പറക്കുന്ന പട്ടം പോലെ സ്വന്തം കഴിവുകൾ സ്വതന്ത്രമായി ഉപയോഗിച്ച് രൂപകല്പന ചെയ്താണ് **'ലിറ്റിൽ ബൈറ്റ്സ്'** എന്ന ഈ ഡിജിറ്റൽ മാഗസിൻ. കുട്ടികളുടെ പ്രതിഭയാണ് ഇതിന്റെ തിളക്കം. .പോരായ്മകളുണ്ടെങ്കിലും മികവിന്റെ വെളിച്ചത്തിൽ അത് അദൃശ്യമായിപ്പോകുകയാണ്.ലിറ്റിൽ ബൈറ്റ്സിന്റെ ശില്പികൾക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

**കെ.എം. റഷീദ ബീഗം**
എച്ച്.എം
കാലികറ്റ് ഗേൾസ് ഹൈസ്കൂൾ



ഹൈസ്കൂളിലെ ഐ.ടി. ക്ലബായ ലിറ്റിൽ കൈറ്റ്സ് ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിൽ വളരെ അധികം സന്തോഷമുണ്ട്. ഈ മാഗസിനായ '**ലിറ്റിൽ ബൈറ്റ്സി**'ന് എല്ലാ വിധ ആശംസകളും നേരുന്നു.

**അബ്ദു എം.**
പ്രിൻസിപ്പാൾ
കാലിക്കറ്റ് ഗേൾസ് HSS



ലിറ്റിൽ കൈറ്റ്സ് ടീം പുറത്തിറക്കുന്ന '**ലിറ്റിൽ ബൈറ്റ്സ്**' എന്ന ഇ-മാഗസിന് എല്ലാ വിജയാശംസകളും നേരുന്നു.

ശ്രീദേവി പി. എം
VHSE പ്രിൻസിപ്പാൾ
കാലിക്കറ്റ് ഗേൾസ് HSS



കാലിക്കറ്റ് ഗേൾസ് .വി .എച്ച് . എസ്. എസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വളരെ ഗംഭീരമായി പ്രവർത്തനങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്. നമുക്കറിയാം ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ ഐ . ടി മേഖലകളിലുള്ള പ്രാവീണ്യം. എല്ലാ പ്രവർത്തനങ്ങൾക്കും ഐ . ടി ഇന്ന് ആവശ്യമാണ്. ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഇറക്കുന്ന ഈ ഡിജിറ്റൽ മാഗസിനും അതിനു വേണ്ടി പ്രയത്നിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾ എല്ലാവിധ ആശംസകളും നേരുന്നു

**മുഹമ്മദ് മുസ്തഫ**
പി .ടി .എ പ്രസിഡന്റ്



കൈറ്റ് യൂണിറ്റിന്റെ ഇൻചാർജായ ടീച്ചേഴ്സും ലിറ്റിൽ കൈറ്റ് കുട്ടികളും നല്ല ഊർജിതമായ പ്രവർത്തനങ്ങൾ ഇ-മാഗസിനായി നടത്തിയിട്ടുണ്ട് . ഇ-മാഗസിനായ '**ലിറ്റിൽ ബൈറ്റ്സി**'ന് എല്ലാ ആശംസകളും നേരുന്നു.

**ഫിറോസ മൊയ്ദു**
ഡെപ്പ്യൂട്ടി എച്ച്.എം.



ലിറ്റിൽ കൈറ്റ്സ് പരിശീലനങ്ങൾ ഞങ്ങൾക്കു പകർന്നുതന്ന അറിവിന്റെ സന്തതിയാണ് ലിറ്റിൽ ബൈറ്റ്സ് എന്ന ഈ ഡിജിറ്റൽ മാഗസിൻ. ആധുനിക കാലഘട്ടത്തിലെ മാറ്റങ്ങൾക്കൊപ്പം കൈകോർത്താണ് ഈ മാഗസിൻ ഡിജിറ്റൽ രൂപത്തിൽ പുറത്തിറങ്ങുന്നത്., ലേഖനങ്ങൾ, ഫോട്ടോകൾ, കവിതകൾ അങ്ങനെ വൈവിധ്യ പൂർണമാണ് ഇതിന്റെ ഉള്ളടക്കം. 10 പേരുൾപ്പെടുന്ന എഡിറ്റോറിയൽ ബോർഡിലേ ഓരോ അംഗവും ഇതിന്റെ പൂർണതക്കായി പ്രവർത്തിച്ചിട്ടുണ്ട്. പ്രഥമ സൃഷ്ടി എന്നനിലയിൽ ഏറെ പോരായ്മകൾ വന്നിട്ടുണ്ടെങ്കിലും '**ലിറ്റിൽ ബൈറ്റ്സി**' നെ നിറഞ്ഞ മനസ്സോടെ വായനക്കാർക്കായി സമർപ്പിക്കുന്നു.

സ്റ്റുഡന്റ് എഡിറ്റർ
**നാഫിഹ നാസർ**

# EDITORIAL BOARD



# LITTLE KITES UNIT 2018-19



# കൗതുകം പകരുന്ന സൗഹൃദ കൂട്ടായ്മ



ഞങ്ങളുടെ സ്കൂളിൽ നടപ്പാക്കിയ കൗതുകകരമായ ഒരു പദ്ധതിയാണ് ജൈവപച്ചക്കറി ചന്ത . ഇവിടെ പച്ചക്കറികൾ മാത്രമേ വിൽക്കുന്നുള്ളു എന്നു വിചാരിച്ചെങ്കിൽ തെറ്റി; നാടൻ കോഴിമുട്ട, ഇലക്കറികൾ, കിഴങ്ങുവർഗങ്ങൾ ഔശധസസ്യങ്ങൾ ഇങ്ങനെ പ്രകൃതിവിഭവങ്ങളുടെ ഒരു വൈവിധ്യ വിപണനകേന്ദ്രമാണിത്. സ്റ്റാഫ്റൂമിൽ എല്ലാ ദിവസവും മായം കലരാത്ത ഭക്ഷ്യ വസ്തുക്കളുടെ വിനിമയം നടത്തുന്നു. നഗരവാസികൾക്ക് കിട്ടാനിടയില്ലാത്തവ കലർപ്പറ്റ പല ഭക്ഷ്യോൽപ്പന്നങ്ങളും ഗ്രാമങ്ങളിൽ നിന്നെത്തുന്ന അദ്ധ്യാപകരിലൂടെ

അവരുടെ സമീപമെത്തുന്നു. ന്യായമായ വില ഈടാക്കി സഹപ്രവർത്തകർക്കിടയിൽ സ്വന്തം ഉൽപന്നം കൈമാറ്റം ചെയ്യപ്പെടുകയാണ്. അദ്ധ്വാനിച്ചുണ്ടാക്കുന്ന കാർഷികവിഭവങ്ങൾക്ക് വിപണികണ്ടെത്താൻ കഴിയാതെ വിഷമിക്കുമ്പോൾ സ്വന്തം കാർഷികോൽപ്പന്നങ്ങൾ നശിച്ചുപ്പോകാതെ മതിയായ മൂല്യം ലഭിക്കുന്നത തന്നെ എത്ര സംതൃപ്തിദായകമാണ്. വിഷരഹിതമായ പച്ചക്കറികൾ പലപ്രദേശങ്ങളിൽ നിന്നുമായ നമ്മുടെ കൈകളിൽ നേരിട്ടെത്തുന്നതു തന്നെ എത്ര ആശ്വാസകരവും ആദായകരവുമാണ്. പലപ്പോഴും നമ്മുടെ ആവിശ്യത്തിൽ കവിഞ്ഞ് പാഴായി പോകുന്ന പ്രകൃതി വിഭവങ്ങൾ അന്യർക്ക് പ്രയോജനപ്പെടുമ്പോൾ ഭക്ഷ്യവസ്തുക്കളുടെ പാഴാകലിന് തടയിടാനും കഴിയുന്നു. ബാർട്ടർ സമ്പ്രദായത്തിന്റെ പുനർജനി ഒരു വിവിധോദ്ധേശ്യപദ്ധതി. സ്കൂളിലെ രസതന്ത്രം അദ്ധ്യാപികയായ ഷാഹിദ ടീച്ചറുടെ ദീർഘവീക്ഷണത്തിലാണ് ഈ നൂതന സംരംഭത്തിന്റെ പിറവി. തുടക്കം മുതൽ വിജയംകണ്ട ഒരു പദ്ധതിയാണിത്. പങ്കുവെക്കലിന്റെ നിസ്സീമമായ ആനന്ദം സമ്മാനിക്കുമ്പോൾത്തന്നെ സുഹൃത്തിന്റെ ആരോഗ്യം വരെ സ്വന്തം കൈകളിൽ ഭദ്രമാണെന്ന് ഈ ജൈവവിപണി പറയാതെപറയുന്നു.

# ATAL TINKERING LAB



ഇത് നമ്മുടെ സ്കൂളിലെ ATAL tinkering lab. കുട്ടികളിലെ ശാസ്ത്ര അഭിരുചിയും ചിന്താശേഷിയും പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി Govt.of India -യും നീതി ആയോഗും ATAL INNOVATION MISSION -ന്റെ ഭാഗമായി ഇന്ത്യയിലെ വിവിധ സ്ക്കൂളുകളിലായി സജ്ജീകരിച്ചു വരുന്ന ലാബാണ് ATAL tinkering lab.

ഇവിടെ പ്രധാനമായും Robotics, electronics എന്നീ മേഖലകളിലാണ് പരിശീലനം നൽകുന്നത്. കൂടാതെ Scientific projects എങ്ങനെ തയ്യാറാക്കാം എന്നതും ഇവിടെ നിന്നും ലഭിക്കുന്നുണ്ട്. ഇനി ഭാവിയിലെ സയന്റിസ്റ്റുകൾ ഇതുപോലെയുള്ള സ്കൂളിലെ ATAL tinkering lab ലൂടെ ആയിരിക്കും.




I AM AN
INNOVATOR

# എഴുത്തിന്റെ വീഥികൾ



പി മുഹമ്മദ് മുസ്തഫ
PTA president

# നന്നായി ചിരിക്കു കുട്ടികളെ

നിത്യജീവിതം പ്രധാനവും അപ്രധാനവും കലർന്നതാണ് അതിനെ യുക്തിപൂർവ്വം തിരിച്ചറിയുന്നതിൽ ആണ് നർമ്മത്തിന് പ്രാധാന്യം.

ജീവിതത്തിൽ നിങ്ങൾ അർഹിക്കുന്ന കാര്യങ്ങൾ പലതും ഉണ്ടായിരിക്കാം അതെല്ലാം കിട്ടിയെന്നുവരില്ല. അതെ കുറിച്ച് നിരന്തരം വിലപിക്കുന്നു. ചെറിയ ചെറിയ പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിനെ തരണം ചെയ്യാൻ നർമ്മത്തെ കൂട്ട് പിടിക്കാം! പിരിമുറുക്കം കുറയാൻ തമാശകളും ചിരിയും അനിവാര്യമാണ് . നല്ല ഫലിതം കുറച്ചുനേരം ചിരിപ്പിക്കുകയും കുറെനേരം ചിന്തിപ്പിക്കുകയും ചെയ്യണം. തമാശ പറയാൻ നിങ്ങളിൽ പലർക്കും ആഗ്രഹം ഉണ്ടാവും പക്ഷേ കുറച്ചുപേർക്ക് മാത്രമേ അതിന് കഴിയുന്നുള്ളൂ.ചിരിക്കാൻ കഴിയുന്ന ഏക ജീവിയാണ് മനുഷ്യൻ. ആ മനുഷ്യന്മാർ ചിരിക്കാതെ മനസിൽ പിടിച്ചു നിന്നാൽ എന്താ ചെയ്യാ? കുട്ടികളെ നിങ്ങൾ അങ്ങനെ ആവരുത്. ചിരിക്കാനും, തമാശ പറയാനും ഏതവസരവും പ്രയോജനപ്പെടുത്തണം.

നിങ്ങളുടെ മിസ്സ് ക്ലാസ്സിലേക്ക് കയറി വരുന്നത് ചിരിച്ചു കൊണ്ടാണെങ്കിൽ നിങ്ങളുടെ മനസ്സിൽ രാവിലെയുള്ള പോസിറ്റീവ് എനർജിയായി'.ദൈവം ലോകത്തെ സൃഷ്ടിച്ചു. ആണിനെയും പെണ്ണിനേയും സൃഷ്ടിച്ചു. തരിപ്പണം ആകാതിരിക്കാൻ നർമ്മവും സൃഷ്ടിച്ചു.

പ്രിയപ്പെട്ട കുട്ടികളെ ചിരിക്കാൻ മടികാണിക്കരുത്. രോഗങ്ങൾ ഒഴിവാക്കാൻ അതുകൊണ്ട് സാധികും. കുടുംബ ബന്ധങ്ങളിൽ നിന്നാണ് ചിലത് തുടങ്ങേണ്ടത്. ശരിക്കുള്ള അന്തരീക്ഷം കുടുംബ ബന്ധങ്ങളിൽ സൃഷ്ടിക്കാൻ കഴിയണം. ഏതു തൊഴിലാണ് ചെയ്യുന്നതെങ്കിലും അതിൽ തൃപ്തി കണ്ടെത്തിയാൽ ജീവിതത്തിൽ സന്തോഷമുണ്ടാകും. സന്തോഷം ഉണ്ടാകുമ്പോൾ ചിരി ഉണരും. പെൺകുട്ടികൾ പൊതുവേ പുഞ്ചിരിക്കുന്നവരാണ് എന്ന് തോന്നുന്നു. നന്നായി ചിരിക്കുക കുട്ടികളെ. പക്ഷേ പഠനഭാരം അവരെ സന്തോഷം കെടുത്തുന്നു.

കൂട്ടുകാരോടുകൂടി സന്തോഷവും പുഞ്ചിരിയും പങ്കിടുക. സന്തോഷമുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കാൻ സ്കൂൾ അദ്ധ്യാപകരും അധ്യാപികമാരും പരിശീലനം നൽകുന്നുണ്ട്.അങ്ങനെ വിദ്യാർഥികളിലും അവരുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും എല്ലാം പുഞ്ചിരി പരത്താനാകും!

കുടുംബത്തിന്റെയും സമൂഹത്തിന്റെയും നിലനിൽപ്പിന് ചിരിയും നിറവുമുള്ള നല്ല മനസ്സുകൾ ഉണ്ടാകട്ടെ! പ്രിയപ്പെട്ട കുട്ടികളെ, അസൂയ, വിദ്വേഷം, എന്നിവ ചിലസമയങ്ങളിൽ നമ്മുടെ മനസ്സിലേക്ക് കടന്നു വന്നേക്കാം. അത് പെട്ടെന്ന് ഒഴിവാക്കി കളയുക.

നല്ല സാന്ത്വനം പകരുന്നതിനേയും കരുണ ചെയ്യുന്നതിനെയും അഭിനന്ദിക്കുക. കൂട്ടുകാരികൾക്ക് എന്തെങ്കിലും നേട്ടം ഉണ്ടായാൽ അവരെ അഭിനന്ദിക്കുക അപ്പോൾനമ്മുടെ മനസ്സിന് വിശാലത കൂടും . അങ്ങനെ സ്നേഹവും, സന്തോഷവും ചിരിയുമുള്ള മനസ്സ് ഉണ്ടാകാൻ പ്രാർത്ഥിക്കുക.



നൗഷാദ് മാളിയേക്കൽ
Office staff

# ഇന്നലകളെ സ്നേഹിക്കാം

കാലചക്രത്തിന്റെ പ്രയാണം അതിശീഘ്രമാണ്. ഇന്നലെകളിലേക്ക് എത്തിനോക്കാനുള്ള സമയം പോലും ആർക്കും ലഭിക്കുന്നില്ല. ഗുരുവര്യൻമാർ പണ്ട് പറഞ്ഞത് ഓർമയുണ്ടോ "വന്ന വഴികൾ മറക്കരുതെന്ന്". പക്ഷെ, പിന്നിട്ട വഴിത്താരകളിൽ എത്തിനോട്ടം നടത്താൻ സമയചക്രം അനുവദിക്കുന്നില്ല. ഇന്നുകൾ അതിവേഗം നാളയാവുന്നു. നാളെകൾ മറ്റന്നാളുകളെ ക്ഷണിക്കുന്നു. ദിനങ്ങളിലൂടെയുള്ള പ്രയാണത്തിൽ സന്തോഷവും സന്താപവുമായി ജീവിതമെന്ന പുസ്തകത്തിൽ പേജുകൾ അതിവേഗം മറിയുന്നു.

കാലഗതിവിഗതികളെ വിരൽതുമ്പിൽ അറിയാൻ ഇന്നത്തെ വിദ്യാർത്ഥിക്ക് കഴിയുന്നുണ്ട്. പക്ഷെ അവന്റെ സമീപനം, സ്വഭാവം, സംസ്ക്കാരം എല്ലാം നുകരുന്ന വിജ്ഞാനത്തിന്റെ പ്രതിരൂപങ്ങളാവുന്നില്ല.



ഇന്നലെകളിലെ ഗുരുകുലത്തിൽ ഗുരു പറയുന്നതായിരുന്നു വിജ്ഞാനം. പുസ്തകമായിരുന്നു അറിവിന്റെ കേദാരം. ഗുരുവിനെ

വന്ദിച്ച്, പുസ്തകങ്ങളെ ബഹുമാനിച്ച് , യഥാർത്ഥ ശിഷ്യരായി മാതൃക കാട്ടിയ അനേകം ഏകലവ്യന്മാർ നമുക്ക് മാതൃകയായിരുന്നു. ഇന്ന് ഗുരുവിന്റെ വാക്കുകളിലും പുസ്തകങ്ങളിലും മാത്രമല്ല വിജ്ഞാനം. ആധുനിക സാങ്കേതികവിദ്യയുടെ പരിലാളനയിൽ കമ്പ്യൂട്ടർ മൗസിലൂടെ, അല്ലെങ്കിൽ മൊബൈൽഫോണിൽ വിരലമർത്തിയാൽ ലോകം മുഴുവനും കാണാം. അറിവിന്റെ വാതായനങ്ങൾ അവിടെ മലർക്കെ തുറന്നിട്ടിരിക്കുന്നു. ഇന്റർനെറ്റിന്റെ വ്യാപനത്തിൽ സെർച്ചിന്റെ കീഴിൽ നിക്ഷേപിക്കുന്ന വാക്കുകൾക്ക് ഉത്തരങ്ങൾ ക്ഷണികമായി ലഭിക്കുന്നു. ചിത്രങ്ങൾ കാണാനാവുന്നു. ടെലിവിഷൻ പ്രചാരം വ്യാപകമായതിനാൽ അവിടെനിന്നും മുത്തുകളെ ശേഖരിക്കാം. റേഡിയോ, ടെലിഗ്രാഫ്, ടെലിഫോൺ അങ്ങനെ അറിവിൻറെ വഴികളിൽ സഹായികളായി ശാസ്ത്രസാങ്കേതിക മാർഗങ്ങൾ നിരവധിയാണ്. മരത്തണലിലിരുന്ന് ഗുരുവിന്റെ പാദങ്ങൾ നമസ്കരിച്ച് വിദ്യനുകരാൻ ശ്രമിച്ചവൻ പഴഞ്ചനാണ്. വേദഗ്രന്ഥങ്ങളെ മനപ്പാഠമാക്കിയവനെ അനുകരിക്കാൻ ആർക്കാണിന്ന് താൽപര്യം? അത്യാധുനിക യുഗത്തിന്റെ പ്രണയിതാക്കൾ ആയി കമ്പ്യൂട്ടറിന്റെ മുമ്പിലിരുന്ന് വിജ്ഞാനത്തെ മൗസുകളിലൂടെ നുകരാനാണ് ഇന്നത്തെ പ്രതിനിധികളുടെ ശ്രമം.

കാലത്തിനൊത്ത് ജീവിക്കണം എന്നത് സത്യമാണ്. പക്ഷേ കാലഗമനങ്ങളിലെ മാറ്റത്തിനനുസരിച്ച് സമീപനത്തിലും സ്വഭാവത്തിലും ഇന്നത്തെ വിദ്യാർത്ഥി എത്രയോ പിറകിലാണ് .അവിടെയാണ് ദുഃഖ ബിന്ദുക്കൾ കാണുന്നത്. അധ്യാപകരെ ബഹുമാനിക്കാൻ പോലും ഇന്നത്തെ വിദ്യാർത്ഥികൾ മറന്നിരിക്കുന്നു. 'അടിപൊളി' യുടെ വാക്താക്കളായി ഫാഷന്റെയും പ്രണയത്തിന്റെയും വഴികളിലാണ് അവരുടെ ഗമനം. സിനിമകളിലെ നായികാ നായകന്മാരാണ് അവരുടെ സങ്കല്പത്തിലെ മാതൃക. ഒരിക്കലും അധ്യാപകനോ മഹത് വ്യക്തികളോ കലാലയത്തിന്റെ സ്പന്ദനങ്ങളിൽ സ്വാധീനം ചെലുത്തുന്നില്ല.

വിദ്യാർത്ഥികൾ പരസ്പരം എളുപ്പം സൗഹൃദത്തിലാകുന്നു. പക്ഷേ പുസ്തകത്തെ സ്നേഹിക്കാനുള്ള താത്പര്യം അവരിൽ കുറഞ്ഞു വരുന്നതായാണ് കാണുന്നത്. ബിരുദങ്ങൾ നേടി ജീവിതം ഭദ്രതക്കായി ശ്രമിക്കുന്നവരിലെ പഠന തത്ത്വം സമയ നിയന്ത്രിതമാണ്. ഇവിടെയാണ് ഇന്നലകളിലെ പാതയിലൂടെ സഞ്ചരിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കേണ്ടത്. തന്റെ മുൻഗാമികളെ അറിയാൻ അവൻ അവസരം ലഭിക്കുന്നില്ല എന്നത് സത്യമാണ്. ഗുരുകുല വിദ്യാഭ്യാസം മുതൽ സ്വതന്ത്രഭാരതത്തിലെ ഇന്നത്തെ അക്കാഡമിക് സമ്പ്രദായങ്ങൾ വരെ അറിയാനുള്ള ഒരു തീർത്ഥയാത്രയാണ് ഓരോ അധ്യായന വർഷത്തിലും അത്യാവശ്യം. ഇന്നലെകൾ നമുക്ക് മുൻപിൽ നൽകിയ സുവർണ്ണ വാക്കുകൾ മാതൃകയാക്കി നാളെകളുടെ പാതകൾ സൃഷ്ടിക്കണം. അമേരിക്കയിൽ വിദ്യാർത്ഥികൾ തോക്കുകളുമായി സ്കൂളുകളിൽ എത്തുന്നത് ഇന്ന് ഫാഷനാണ്. അതിന് അവസരം ഒരുക്കിയത് അമേരിക്കക്കാരുടെ ജീവിതശൈലിയാണ്. ആ മാർഗ്ഗം നമുക്ക് സ്വീകരിക്കാനാവില്ല. നമുക്ക് നമ്മുടെ മുൻഗാമികൾ കാട്ടിത്തന്ന യഥാർത്ഥ വഴികളുണ്ട്. അതിലൂടെ മുന്നേറണം. ആദ്യാക്ഷരത്തിന്റെ കരുത്ത് അറിഞ്ഞിട്ടായിരിക്കണം അടുത്ത അക്ഷരത്തെ സ്നേഹിക്കേണ്ടത്. തിരക്കില്ലാതെ സ്നേഹത്തിന്റെ വഴിയിൽ ഇന്നലെകളിലൂടെ നമുക്ക് ഇന്നിനെ പ്രണയിക്കാം. അതാണ് ശരിയായ വഴി.



# വരുംതലമുറ

Rahana C.V.
mother of nafiha nasar -9 D

ഡിജിറ്റൽ മാഗസിനിലേക്ക് എന്തെങ്കിലും കുറിപ്പ് എഴുതണമെന്ന് കരുതിയപ്പോൾ ആദ്യം എന്തെഴുതും എന്നുള്ള സംശയത്തിലായിരുന്നു. പിന്നീട് മാധ്യമം അതാകാം വിഷയം എന്നുറച്ചു. പണ്ട് കാലത്ത് മാധ്യമം എന്ന് വെച്ചാൽ വർത്തമാന പത്രവും റേഡിയോയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് കേവലം വിജ്ഞാനത്തിലും വിനോദത്തിലും മാത്രം ഒതുങ്ങുന്നതായിരുന്നു. ഇന്നിപ്പോൾ എന്താണ് അവസ്ഥ മാധ്യമം എന്നുവെച്ചാൽ എല്ലാം മാധ്യമം തന്നെ കയ്യിലെ മൊബൈൽ ഫോൺ വരെ മാധ്യമം തന്നെ. ഇതൊക്കെ കേവലം വിജ്ഞാനവും വിനോദവും മാത്രമാണ് തരുന്നത്? ഇന്ന് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ് ഇന്നത്തെ സർവ്വതും. മാതാപിതാക്കളുടെ ശ്രദ്ധ അങ്ങേയറ്റം ആവശ്യം. ചെറിയ കുട്ടിയല്ലേ അവൻ ഇത്തിരി നേരം മൊബൈലിൽ ഗെയിം കളിച്ചോട്ടെ എന്നുവെച്ചാൽ അവിടെയും പ്രശ്നം തന്നെ. എന്താണ് കളിക്കുന്നത്? ഗെയിം ആണ് കളിക്കുന്നത്? എന്നൊക്കെ ശ്രദ്ധിക്കണം. അല്ലെങ്കിൽ കുട്ടികളുടെ സ്വഭാവത്തിലും പഠനത്തിലും വരെ മാറ്റം വരാം. മുതിർന്ന കുട്ടിയല്ലേ അവൾ ബോറടിമാറ്റാൻ ഇത്തിരി നേരം ടി. വി. കണ്ടോട്ടെ എന്ന് വെച്ചാലും അവിടെയും കിട്ടും പണി. മനസിനെ മലീമസമാക്കുന്ന നാനാവിധ പരിപാടികൾ.



ടെക്നോളജി അത് വളരുന്നത് പുതിയ തലമുറക്ക് വളരെ ഉപയോഗപ്രദം തന്നെ. അത് നല്ല രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ, ഉയരങ്ങളിൽ എത്തിച്ചേരാം. അതല്ല നേരെ മറിച്ചാണെങ്കിൽ , മക്കളെ കുറിച്ചോർത്ത് കരയാനും സങ്കടപ്പെടാനും ആയിരിക്കും വിധി. ഈ തിരക്ക് പിടിച്ച ആധുനികയുഗത്തിൽ ഇതിനൊന്നും നേരമില്ലാതെ എന്തിനോവേണ്ടി തിരക്ക് പിടിച്ചു നടക്കുന്ന മാതാപിതാക്കൾ മക്കൾക്ക് കുറച്ചു സമയം നീക്കി വയ്ക്കേണ്ടത് അത്യാവശ്യമാണ്. അല്ലെങ്കിൽ മനസ്സാക്ഷിയും മനസ്സാന്നിദ്ധ്യവും നഷ്ടപ്പെട്ട ഒരു തലമുറയായിരിക്കും വളർന്നു വരിക. ഒരു നല്ല തലമുറയെ വാർത്തെടുക്കാൻ നാമോരോരുത്തർക്കും ജാഗ്രതയോടെ മുന്നോട്ടുപോകാം.

# തണൽ വൃക്ഷം

മാതാപിതാക്കൾ വാർദ്ധക്യത്തിലെത്തുമ്പോൾ പ്രത്യേകം ശ്രദ്ധചെലുത്തണം. കാരണം ജീവത സായാഹ്നത്തിൽ അവർക്ക് അനുഭവപ്പെടുന്നത് ടെൻഷനുകളാണ്. വാർദ്ധക്യകാലം മാനസിക പിരിമുറക്കം നിറഞ്ഞതായി വരികയാണ്.ഒറ്റപ്പെടുത്തലും കുറ്റപ്പെടുത്തലും അവരുടെ മേൽ ഏറിവരുന്നു. വിഷാദരോഗവും മറ്റും വൃദ്ധരിൽ കൂടുതലായി വരാൻ കാരണം മാനസിക പിരിമുറക്കം തന്നെയാണ്. ബാധ്യതകളും ഉത്തരവാദിത്വങ്ങളും ഒഴിഞ്ഞ, സംതൃപ്തമായ ജീവിതം ആസ്വദിക്കേണ്ട സമയത്ത്സംഘർഷഭരിതമായ മനസ്സുമായി കഴിയേണ്ടിവരുന്നത് എന്ത്കൊണ്ട് എന്നത് ചോദ്യമാണ്. പലതരം കാരണങ്ങളാലാൽ ഇത് ഉണ്ടാകുന്നു. മറ്റുള്ളവർക്ക് താനൊരു ഭാരം ആകുമോ എന്ന ചിന്ത വാർധക്യകാലത്ത് വരുന്നു. ആരോഗ്യംക്ഷയിക്കുന്നത് കൊണ്ടാണിത്. രോഗവും അതിനുവേണ്ട ചിലവും മറ്റുള്ളവർക്ക് പൊറുതികേടുണ്ടാക്കുമെന്ന ഭയവും ഇവരെ വേട്ടയാടുന്നു.അവശതകൾക്കൊണ്ടും വാർധക്യത്തിൽ മാനസിക പിരിമുറക്കം ഉണ്ടാവാം. കാഴ്ച, കേൾവി, ഓർമ , ചലനശേഷി കുറയുന്നത് സാമൂഹിക ബന്ധങ്ങൾ കുറയുന്നതിനും ഒതുങ്ങി കൂടുന്നതിനും

ഇടയാക്കും.കാഴ്ച കുറയുമ്പോൾ വീഴും എന്ന ഭയം വർദ്ധിക്കുന്നു. മക്കളുടെ പ്രശ്നങ്ങൾ വൃദ്ധരെ ബാധിക്കുന്നു. സ്വത്തുതർക്കങ്ങൾ, മക്കളുടെ അനൈക്യം, സന്താനങ്ങൾ പ്രതീക്ഷക്കൊത്ത് ഉയരാത്തത്, വിവാഹം നടക്കാത്തത്, സാമ്പത്തിക തകർച്ച ഇവയും വൃദ്ധരെ അലട്ടുന്നു. മക്കൾ ജോലി തേടി പല ദിക്കുകളിലേക്കും പോകുമ്പോൾ ഭാര്യയേയും മക്കളെയും ഒപ്പം കൂട്ടുന്നു. പിതാവും മാതാവും വീട്ടിൽ ഒറ്റപ്പെടുന്നു. ഒറ്റപ്പെടൽ പിരിമുറുക്കം ഉണ്ടാക്കുന്നു. ആശയവിനിമയം നടത്താനും പ്രശ്നങ്ങൾ പങ്കുവയ്ക്കാനും ആളില്ലാതെ ഒറ്റപ്പെടുന്നത് വിഷാദ രോഗത്തിലേക്കും നയിക്കുന്നു. ഉറക്കക്കുറവ് വാർദ്ധക്യകാലത്ത് വരും. മറ്റ് ജോലികൾ ഇല്ലാതിരിക്കുകയും കിടന്നിട്ട് ഉറക്കം വരാതിരിക്കുകയും ചെയ്യുമ്പോൾ പൊറുതിമുട്ടി ജീവിതം തള്ളിനീക്കേണ്ടിവരുന്നു.ജീവിത ചിലവിൽ വൻ വർധനവ് നേരിടുന്ന സമയമാണിപ്പോൾ. സാമ്പത്തികമായി തകർച്ച നേരിടുന്ന വൃദ്ധർക്ക് മാനസിക പിരിമുറുക്കം കാരണമാകുന്നു. മക്കൾ പ്രായമായവരുടെ സാമ്പത്തിക ബുദ്ധിമുട്ടറിഞ്ഞുപെരുമാറിയാൽ മാനസിക പിരിമുറുക്കം ഇല്ലാതാക്കാനാവും. മാതാപിതാക്കൾക്ക് പ്രായമാകുമ്പോൾ അവരെ ശുശ്രൂഷിക്കാനും മറ്റും മക്കൾ തയ്യാറായിരിക്കണം.വാക്കുകൊണ്ടും പ്രവർത്തികൊണ്ടും അവരെ വേദനിപ്പിക്കരുത്. ഭാവിയിൽ നാമും ഈയൊരു അവസ്ഥയിൽ എത്തുമെന്ന് മനസ്സിലാക്കുക..





Contributed by
ആയിഷ സന പി. എൻ
IX - E

# ഇന്റർനെറ്റ് ഒരു അപകടകാരി!

## ഇന്റെർനെറ്റ്, ഒരു അപകടകാരി!

വിജ്ഞാനത്തിനും വിദ്യാഭ്യാസത്തിനും ഇന്ന് ഏറെ ഉപകരിക്കുന്ന മാധ്യമമാണ് ഇന്റെർനെറ്റ്. പ്രൈമറിതലം മുതൽ യൂണിവേഴ്സിറ്റി തലംവരെയുള്ള വിദ്യാർത്ഥികൾ വിവരങ്ങൾ ശേഖരിക്കുന്നതിന് ഇന്റെർനെറ്റ് ഉപയോഗിക്കുന്നുണ്ട്. പ്രപഞ്ചത്തിലെ ഏത് വിഷയത്തെക്കുറിച്ചും ഉള്ള അറിവുകൾ അതിലുണ്ട്. പലരും അതു ഉപയോഗപ്പെടുത്താറുണ്ട്. ചിലർ ദുരുപയോഗം ചെയ്യാറുണ്ടെന്നും പറയാം. പ്രത്യേകിച്ചും കൗമാരപ്രായത്തിലുള്ള വരും യുവാക്കളും. തുടക്കത്തിൽതന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ലെങ്കിൽ അഡിക്റ്റഡ് ആയശേഷം പിന്തിരിപ്പിക്കുക പ്രയാസമാണ്.



# സൈബർ അഡിക്ഷൻ

അമിതമായ ഇന്റെർനെറ്റ് ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും നശിപ്പിക്കുകയും ചെയ്യുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. വ്യക്തി മാധ്യമത്തിനും മയക്കുമരുന്നിനും അടിമയാകുന്നത് പോലെ ഇന്റെർനെറ്റിനും അടിമയാകുന്നു. കുടിച്ചാലും മയക്കുമരുന്ന് എത്ര ഉപയോഗിച്ചാലും മതിയാവുന്നില്ല എന്ന തോന്നൽ പോലെ ഇന്റെർനെറ്റിന്റെ മുന്നിൽ എത്ര സമയം ചെലവഴിച്ചാലും അത് പോരാ എന്ന് തോന്നലുണ്ടാകുന്നു. എത്ര കണ്ടാലും മതിയാവില്ല എന്ന തോന്നൽ സംജാതമാകുന്നു. ഇതിനിടയിൽ ഇടയ്ക്കിടെ തടസ്സം നേരിട്ടാൽ വ്യക്തി ചെറിയ കാര്യത്തിനുപോലും കോപിക്കുന്നു. അയാൾ ഒരുതരം വിഭ്രമജനകമായ അവസ്ഥയിലെത്തുന്നു.



ഇത്തരക്കാരിൽ തൊഴിൽ ചെയ്യാനുള്ള താൽപ്പര്യങ്ങൾ കുറഞ്ഞുവരുന്നു. സാമൂഹ്യജീവിതത്തിൽ പരാജയപ്പെടുന്ന ഇവരുടെ ആത്മവിശ്വാസം നശിച്ചുപോകുന്നു. വ്യക്തിബന്ധങ്ങൾ കുറഞ്ഞ അയാൾ ചുറ്റുപാടുകളുമായും വ്യക്തികളുമായും പൊരുത്തപ്പെട്ടുപോകാൻ കഴിയാത്ത അവസ്ഥയിലെത്തുന്നു. മാനസികാരോഗ്യവും യഥാർത്ഥ ബോധവും നശിച്ചുപോയ വ്യക്തി പലപ്പോഴും ആത്മസംഘർഷത്തിൽ ഇടയാകുന്നു ഇത് മറ്റു വ്യക്തികളുമായുള്ള സംഘർഷത്തിന് വഴിയൊരുക്കുന്നു. വ്യക്തിബന്ധങ്ങൾ കുറഞ്ഞ ഒറ്റപ്പെട്ട ജീവിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അതിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള ഒരുപാധിയായി ഇന്റെർനെറ്റ് ആശ്രയിക്കുന്നവർ പിന്നീട് കൂടുതൽ ഒറ്റപ്പെടുന്നത് ആയിട്ടാണ് കണ്ടുവരുന്നത്. ഏകാന്തത കൂടുതൽ രൂക്ഷമാവുമ്പോൾ വ്യക്തിയുടെ ചിന്തയും പ്രവർത്തിയും കൂടുതൽ സങ്കുചിതം ആവുകയുള്ളു ഇന്റെർനെറ്റ് നെയിം കമ്പ്യൂട്ടറിനെയും അടിമകളാകുന്ന അവരിൽ ഓർമ്മശക്തിയും ബുദ്ധിശക്തിയും നശിക്കാൻ ഇടയുണ്ടെന്ന് ഇതേക്കുറിച്ച് പഠനം നടത്തിയ ഗവേഷകർ ഓർമിപ്പിക്കുന്നുണ്ട്

ഇന്റെർനെറ്റിൽ അടിമകളാകുന്നവർക്ക് മറ്റു വിചാരങ്ങൾ കുറവായിരിക്കും. എപ്പോഴും അതിനുമുന്നിൽ കഴിച്ചുകൂട്ടുന്ന ഇവർക്ക് സ്വന്തം കടമകളെക്കുറിച്ചും ഉത്തരവാദിത്തങ്ങളെ കുറിച്ചും യാതൊരു ബോധവും ഉണ്ടാകില്ല. നാട്ടുനടപ്പും സാമൂഹ്യ രീതികളും

ജീവിതമാർഗങ്ങളും അസാധാരണമായി തോന്നിയേക്കാം.

മറ്റൊരു പ്രശ്നം നിത്യജീവിതത്തിൽ അഡ്ജസ്റ്റ് ചെയ്തു പോകാൻ കഴിയുന്നില്ല എന്നാണ്. അതായത് കമ്പ്യൂട്ടർ എല്ലാം തുടർനടപടികളും വളരെ പെട്ടെന്ന് സെക്കൻഡുകൾക്കുള്ളിൽ സംഭവിക്കുമ്പോൾ നിരന്തരം ഇന്റർനെറ്റുമായി ഇടപഴകുന്ന വ്യക്തിക്ക് മനുഷ്യസഹജമായ വേഗതയും തമ്മിൽ പൊരുത്തക്കേടുകൾ ഉണ്ടാവുന്നതായി തോന്നുന്നു. ഇവിടെ കാര്യങ്ങൾ പെട്ടെന്നു നടക്കുന്നില്ല എന്ന തോന്നൽ അവരെ കൂടുതൽ വിഷമത്തിലാക്കുന്നു. ഇത് പലപ്പോഴും വ്യക്തികളെ അനുദിന ജീവിതത്തിന് പോലെ കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും പ്രശ്നമുണ്ടാക്കുന്നു.

കുട്ടികളെ ഇന്റർനെറ്റിൽ നിന്നും സംരക്ഷിക്കാൻ മാതാപിതാക്കൾക്കും തങ്ങളുടെ അസാനിധ്യത്തിൽ ഉള്ള കുട്ടിയുടെ ഇന്റർനെറ്റ് ഉപയോഗം നിയന്ത്രിക്കാനും നിരീക്ഷിക്കാനും സാധിക്കുന്ന സംവിധാനത്തെയാണ് പേരന്റൽ കണ്ട്രോൾ എന്നു വിളിക്കുക ഇതിനായി അനേകം സൗജന്യമായ് സോഫ്റ്റ്‌വെയറുകൾ ഇന്റർനെറ്റിൽ ലഭ്യമാണ് . പേരന്റൽ കൺട്രോൾ സോഫ്റ്റ്‌വെയറുകൾ മൂന്നുവിധത്തിലാണ് പ്രവർത്തിക്കുന്നത്



1 . കുട്ടികളെ വഴിതെറ്റിക്കുന്ന വിവരങ്ങളറിഞ്ഞ വെബ്സൈറ്റുകൾ തടയുക.

2 . ഓരോ ദിവസവും കുട്ടിയുടെ ഇൻറർനെറ്റ് ഉപയോഗം നിശ്ചിത സമയം കഴിയുമ്പോൾ ഇന്റെർനെറ്റ് കണക്ഷൻ തനിയെ ഡിസ്കണക്ട് ആവും.

3 . കുട്ടി ഇന്റെർനെറ്റിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യുന്നതിന്റെ വിവരങ്ങളും കുട്ടി സന്ദർശിച്ച വെബ്സൈറ്റുകൾ വിലാസം സഹിതമുള്ള റിപ്പോർട്ട് നൽകുക

സോഫ്റ്റ്വെയർ.

1 . K9Webprotection:http://www1.k9webprotection .com

2 . kidzui.www.kidzui.com/

3 . onlinefamily.norton.www.onlinefamily.norton.com

4 . PIKLUK:http::www.pikulk.com

5 . VISKID:http://www.viskid.com



മുകളിൽ കൊടുത്ത വെബ് വിലാസങ്ങൾ ടൈപ്പ് ചെയ്യുമ്പോൾ ഇവയുടെ വെബ്സൈറ്റ് ലഭിക്കും. ഈ വെബ്സൈറ്റ് റോൾ ചെയ്യാനുള്ള ഒരു ഐക്കൺ ഉണ്ടാവും അത് ക്ലിക്ക് ചെയ്യുന്നതോടെ നിങ്ങളുടെ കമ്പ്യൂട്ടറിലേക്ക് സോഫ്റ്റ്വെയർ തനിയെ ഡൗൺലോഡ് ആവും . തനിയെ ചെയ്യാൻ കഴിയാത്തവർക്കും കമ്പ്യൂട്ടർ വിദഗ്ധരുടെ സഹായം തേടാവുന്നതാണ്. ഓരോ സോഫ്റ്റ്വെയറുടെയും പ്രവർത്തനരീതി ഓരോ വിധം ആണ്. കുട്ടികൾ ആവശ്യമില്ലാത്ത വെബ്സൈറ്റുകൾ മുതലായവ പട്ടികയിൽ ഉണ്ടാവും. ഇത്തരം വെബ്സൈറ്റുകൾ അധികവും പാസ്സ്വേർഡ് ഉപയോഗിച്ചാണ് പ്രവർത്തിക്കുക. ഈ പാസ്വേഡ് മറക്കാതെ എഴുതി സൂക്ഷിക്കുക.




From the reference of the book **koumaram** by **muraleedharan mullamattam**

# നാം എന്തിന് ഭയക്കണം?

നിഷമത് എം. വി
IX- F

സമൂഹത്തിൽ ഇന്ന് നാം വളരെ അധികം രൂക്ഷമായി നേരിടുന്ന ഒരു സാമൂഹിക പ്രശ്നമാണ് സ്ത്രീകളുടെ സുരക്ഷ ഇന്ന് നമുക്ക് റോഡിലിറങ്ങി നടക്കാൻ പറ്റാത്ത അവസ്ഥയാണ്. അതുകൊണ്ടുതന്നെ സ്ത്രീപീഡനം എന്ന ഒരു വാർത്ത നമുക്ക് പുതുമയല്ല. എന്നാൽ പീഡിതരായ മിക്ക പെൺകുട്ടികളും സമൂഹത്തിനിടയിൽ മുഖംപൊത്തി ആണ് നടക്കുന്നത് പീഡിപ്പിച്ചവർ മുഖം പൊത്താതെയും



നാം എന്തിന് മുഖം പൊത്തി നടക്കണം? നാം സ്ത്രീകൾ ദുർബലരല്ല. തിന്മകളോട് പ്രതികരിക്കാതെ എല്ലാം സഹിച്ച് നിൽക്കുന്നത് കൊണ്ടാണ് സമൂഹം സ്ത്രീകളെ ദുർബലരായി കാണുന്നത്.

അതുകൊണ്ടുതന്നെയാണ് ഇന്ന് സ്ത്രീകൾക്ക് നേരെ ഒരുപാട് അതിക്രമങ്ങൾ ഉണ്ടാകുന്നത്. നമ്മൾ ദുർബലരല്ലാ എന്ന്പറയുന്നതിനേക്കാൾ നല്ലത് തെളിയിക്കുന്നതാണ്. അവർക്ക് സംഭവിച്ചത് പോലെ നമുക്ക് സംഭവിക്കില്ല എന്ന് ഉറപ്പില്ല പക്ഷേ എന്തിനേയും നേരിടാൻ നാം സ്ത്രീകൾ ശാരീരികമായും മാനസികമായും പ്രാപ്തരായിരിക്കണം നമുക്ക് നേരെ തെറ്റായ ഒരു ചിന്ത പോലും വരാത്ത അത്ര രീതിയിൽ നാം ശക്തി പ്രാപിക്കണം. ഭീതിയെ കൈവെടിഞ്ഞ് ജാഗ്രത പാലിക്കണം.



***

# കുഴികൾക്കെന്തിനാ പാലങ്ങൾ ?

നഹ്റ നൗഷാദ്
IX-E

## ഇതൊരു യാത്രാവിവരണം അല്ല !!

കൊല്ലം 2040 തെളിഞ്ഞ മാനം സുന്ദര ദിവസം. ഞാനും എൻറെ മക്കളും മട്ടന്നൂർ എയർപോർട്ടിൽ വന്നിറങ്ങി. മട്ടന്നൂരിൽ ഞങ്ങളുടെ കുറച്ച് ബന്ധക്കാരുണ്ട്. അവരെയെവല്ലാം ഒന്നിച്ച കുറച്ചുകാലങ്ങൾക്ക് ശേഷം കാണാൻ പോകുന്ന ആകാംക്ഷയിലായിരുന്നു ഞങ്ങൾ .എല്ലാവരെയും കണ്ടുകഴിയുമ്പോൾ നേരം വൈകിയിരുന്നു. അവിടെ ചില ഔദ്യോഗിക ആവശ്യങ്ങൾക്ക് തിരുവനന്തപുരത്തേക്ക് പോകേണ്ടതുണ്ടായിരുന്നു. യാത്ര ട്രെയിനിലാക്കി കളയാം എന്ന് ഞാൻ കരുതി. മക്കളെ എൻറെ നാടൊന്നു കാണിക്കാം അതായിരുന്നു എൻറെ ഉദ്ദേശ്യം. അങ്ങനെ ഞങ്ങളുടെ തിരുവനന്തപുരത്തേക്കുള്ള ട്രെയിൻ യാത്ര ആരംഭിച്ചു. പണ്ട് ഉണ്ടായിരുന്ന പ്രകൃതി രമണീയമായ ഇടങ്ങളെല്ലാം മറഞ്ഞുപോയിരുന്നു. പകുതി വഴിയെത്തിയപ്പോൾ എൻറെ മകൾ എന്നെ ഞെട്ടിക്കുന്ന ഒരു സംശയം ചോദിച്ചു ഇതായിരുന്നു.



അമ്മേ ഞാൻ കുറേ ഇടങ്ങളിലായി ഒരു കാര്യം കണ്ടുകൊണ്ടിരിക്കുന്നു. ഒരു വലിയ കുഴി അതിനുമുകളിൽ ഒരു നീണ്ട പാലവും. എന്താ അത് ? വല്ല ഭൂകമ്പവും വന്നതാണോ ? ഞാന്പറഞ്ഞു അല്ല മോളെ മുമ്പ് പുഴകൾ ഒഴുകിയിരുന്ന സ്ഥലങ്ങളാണത്. ധാരാളം വെള്ളം ഈ പാലത്തിനു താഴെക്കൂടി ഒഴുകിയിരുന്നു. ഈ പുഴ കടക്കാൻ വേണ്ടി കെട്ടിയകെട്ടിയതാണ് ഈ പാലം. ഇത് കേട്ട മകൾ അതിശയത്തോടെ എന്നോട് ചോദിച്ചു. പുഴകളോ? അമ്മ എന്തൊക്കെയാണ് പറയുന്നത്, വെള്ളം ഈ കുഴിയിലൂടെ ഒഴുകിയിരുന്നെന്നൊ ? അതിന് വെള്ളം ആരാണ് പൈപ്പിലൂടെ തുറന്നുവിട്ടത്, ഒഴുകിപോകാൻ ? വെള്ളം വെറുതെ കളഞ്ഞാൽ ഫൈൻ അടിക്കേണ്ടിവരില്ലെ ?




ഞാൻ പറഞ്ഞു, മോളെ അതാരും തുറന്നുവിട്ടതല്ല. പ്രകൃതിയുടെ

ദാനങ്ങളിൽ ഒന്നാണ് പുഴകൾ. പണ്ട് പർവതങ്ങളിൽ കാടുണ്ടായിരുന്നു. കാട് മനസ്സിലായില്ല "Forest"അവിടെ നിന്നും ചെറിയ ചെറിയ കൈവഴികളായി ഉത്ഭവിച്ച അരുവിയായി പിന്നെ അരുവികൾ കൂടിച്ചേർന്ന് പുഴയായിത്തീരുന്നു. അങ്ങനെ

മലമുകളിൽ നിന്നും ഈ വെള്ളം ഒഴുകി അവസാനം കടലിൽ ചെന്ന് ചേരുന്നു. എന്റെ സങ്കൽപ്പത്തിൽ പുഴകളുടെ അച്ഛനാണ് പർവ്വതങ്ങൾ. കടലാകുന്ന അമ്മയിലേക്ക് ചേരുന്നതുവരെ മകളെ സുരക്ഷിതമായി ഒഴുക്കിവിടുകയായിരുന്ന പർവ്വതങ്ങൾ. എന്റെ മകളുടെ ഒരു സംശയത്തിനൊരു ഉദാഹരണം കാണിച്ചുകൊടുക്കാൻ ഒരു പുഴയോ തടാകമോ പോലും അവശേഷിക്കുന്നില്ല.

നമ്മൾ മനുഷ്യർ തന്നെയാണ് ഈ അവസ്ഥയുടെ കാരണക്കാർ. നല്ല ഒരു നാളെ വേണമെന്ന് നമ്മളിൽ കാൽപക്ഷമെങ്കിലും വിചാരിച്ചിരുന്നുവെങ്കിൽ ഇന്നും നമ്മുടെ കൊച്ചു തലമുറയ്ക്ക് പ്രകൃതിരമണീയമായ നമ്മുടെ പുഴകൾ ചൂണ്ടിക്കാണിക്കാമായിരുന്നു. അതുപോലെ ഇങ്ങനെ ഞെട്ടിപ്പിക്കുന്ന ചോദ്യങ്ങൾ നമുക്ക് അഭിമുഖീകരിക്കേണ്ടിവരില്ലായിരുന്നു. പകരം അവർക്ക് സ്വന്തം കണ്ണുകളെയും കാതുകളെയും വിശ്വസിക്കാമായിരുന്നു. "അലാറ"ത്തിൻറെ നീണ്ട ശബ്ദം എന്നെ ഉറക്കത്തിൽനിന്നും ഉണർത്തി. ഞാൻ കണ്ട സ്വപ്നത്തെക്കുറിച്ച് ഒരുവേള ചിന്തിച്ചു. ഈശ്വരാ അങ്ങനെയൊന്നും ഉണ്ടാകാതിരിക്കട്ടെ!!

# കണക്കിലെ കണക്ക്




## അഞ്ചിനെ നാലാക്കൽ

T ആകൃതിയിൽ അഞ്ച് സമചതുരങ്ങൾ ചേർത്ത ഒരു രൂപമാണ് താഴെ. ഇതിനെ തുല്യ ആകൃതിയിലും വലുപ്പത്തിലും നാലു ഭാഗങ്ങള്ക്കാൻ കഴിയുമോ?



# എളുപ്പമാർഗം

1/2+1/4+1/8 എങ്ങനെ കണ്ടുപിടിക്കും?
ചിത്രം നോക്കൂ...




1/2+1/4+1/8=1-1/8=7/8 എന്ന് വ്യക്തമല്ലേ? ഇനി 1/2+1/4+1/8+1/16 ആയാലോ?



ചിത്രത്തിൽ നിന്ന് 1/2+1/4+1/8+1/16=1-1/16=15/16 എന്ന് കാണാമല്ലോ. ചുരുക്കിപ്പറഞ്ഞാൽ $1/2+1/4+1/8+.....+1/2^n=1-1/2^n=2^n-1/2^n$ എന്ന് 1/2+1/4+1/8=1-1/8=7/8 എന്ന് വ്യക്തമല്ലേ? ഇനി 1/2+1/4+1/8+1/16 ആയാലോ?

കണ്ടെത്താം.



# സ്ഥലം ഭാഗിക്കൽ

ഒരാൾക്ക് മൂന്ന് ഏക്കർ തെങ്ങിൻ തോപ്പുണ്ട്. അതു നാലു മക്കൾക്കായി വീതിക്കണം. ചിത്രത്തിൽ കാണുന്നതു പോലെ 3 സമചതുരങ്ങളായാണ് കിടകുന്നത്. നാലു പേർക്കും ഒരേ ആകൃതിയിലും വിസ്തീർണത്തിലും തെങ്ങിൻ തോപ്പ് ലഭിക്കണമെന്നാണ് പിടിവാശി. ഇത് എങ്ങനെ ഭാഗികും?






# രുചിയൂറും വിഭവം

naina febin
9 B

## ചിക്കൻ റോൾ

| | |
|---|---|
| 1.ചിക്കൻ | = 250 g |
| .മഞ്ഞൾപൊടി | = 1/4 ts |
| .കുരുമുളക് പൊടി | = 1/2 ts |
| .ഉപ്പ് | = ആവിശ്യത്തിൻ |
| 2.കാരട്ട് | = 1/2 കപ്പ് |
| .ബീൻസ് | = 1/2 കപ്പ് |
| .കാബേജ് | = 1/2 കപ്പ് |
| .കാപ്സിക്കം | = 1/4 കപ്പ് |
| .പച്ചമുളക് | = 2 |
| .ഇൻചി | = ചെറുകഷ്ണം |
| .വെളുത്തുള്ളി | = 4 അല്ലി |
| .ഉപ്പ് | = ആവിശ്യത്തിന് |
| 3.മൈദ | = 1 കപ്പ് |
| .കോഴിമുട്ട | = 3 |
| .വെള്ളം | = 1 കപ്പ് |
| .ഉപ്പ് | = ആവിശ്യത്തിന് |
| 4.റെസ്ക് പൊടി | = 200 g |
| .കോഴിമുട്ട | = 2 |
| .ഉപ്പ് | = ആവിശ്യത്തിന് |
| .കുരുമുളക് | =1/4 ts |
| .ഓയൽ | = ആവിശ്യത്തിന് |



# തയ്യാറാക്കുന്ന വിധം

ആദ്യം ഒന്നാമത്തെ ചേരുവുകൾ നന്നായി മിക്സ് ചെയ്ത് ഒരു  കുക്കറിൽ രണ്ട് വിസിൽ വരുത്തുക. പിന്നീട് ഒരു പാൽ ചൂടാക്കി രണ്ട് സ്പൂൺ ഓയൽ തൂവുക. ഓയൽ ചൂടായാൽ രണ്ടാമത്തെ ചേരുവുകൾ നന്നായി വേവിചെടുക്കുക. എന്നിട്ട് വേവിച്ച ചിക്കൻ ചെറുതായി മുറിച്ച ഈ ചേരുവുകളിലേക്ക് ചേർക്കുക. അപ്പോഴേക്കും ഒരു വലിയ ബൗളിലേക്ക് മൂന്നാമത്തെ ചേരുവുകൾ നന്നായി മിക്സ് ചെയ്ത് കുഴമ്പ് രൂപത്തിലാക്കുക.

ഇനി ഒരു തവ അടുപ്പത്ത് വെക്കുക. മിക്സ് ചെയ്ത ദ്രാവകം കട്ടി കുറച്ച് പത്തിരി രൂപത്തിൽ പരത്തി വേവിക്കുക. വേവിച്ച പത്തിരി മറിച്ചിട്ട് രണ്ടാമത്തെ ചേരുകൾ ഇട്ട് മടക്കി റോൾ ചെയ്യുക. ശേഷം ആദ്യം കോഴിമുട്ടയും ഉപ്പും കുരുമുളകും മിക്സ് ചെയ്തതിലിട്ട് ഇളക്കി റെസ്ക് പൊടിയിൽ കുഴച്ച് സൺഫ്ലവർ ഓയലിൽ വറുത്തുക്കോരുക.

**ചിക്കൻറോൾ റെഡി!**

# ഇടിച്ചക്ക കട്ട്ലെറ്റ്

| | |
|---|---|
| 1.ഉള്ളി | =1 |
| .പച്ചമുളക് | =2 |
| .മഞ്ഞൾപൊടി | = 1/4 ts |
| .ഉപ്പ് | = ആവിശ്യത്തിന് |
| .ഗരംമസാല | = ആവിശ്യത്തിന് |
| .ഇടിച്ചക്ക[ചെറുതായി അരിഞ്ഞത്] | = 1 |
| .പെരുംജീരകപൊടി | = ആവിശ്യത്തിന് |
| .ഇഞ്ചി | =ചെറുകഷ്ണം |
| .വെളുത്തുള്ളി | = 4 |

| | |
|---|---|
| 2.ഉരുളകിഴങ്ങ് [പുഴുങ്ങിയത് ] | = 2 കപ്പ് |
| .റെസ്ക്പൊടി | |
| .ഉപ്പ് | =ആവിശ്യത്തിന് |
| .കുരുമുളക് | = ¼ ts |
| .ഓയൽ | = ആവിശ്യത്തിന് |
| .കോഴിമുട്ട | = |



## തയ്യാറാകുന്ന വിധം

കൊത്തിയരിഞ്ഞ ചക്ക ഒരു സ്റ്റീമിൽ വെച്ച് വേവിചെടിക്കുക. ശേഷം ഒരു പാൻ ചൂടായ ശേഷം 2 സ്പൂൺ വെളിചെണ്ണ തൂവുക. അതിലേക്ക് ഒന്നാമത്തെ ചേരുവകൾ ഒരുമിച്ച് വേവിച്ചെടുക്കുക. സ്റ്റീമിൽ ചക്ക വെക്കുമ്പോൾ തന്നെ ഉരുളക്കിഴങ്ങും പുഴുങ്ങിയെടുക്കുക. ഒന്നാമത്തെ ചേരുവകൾ വെന്ത ശേഷം വേവിച്ച ഇടിച്ചക്ക അതിലേക്കിടുക. ഉപ്പ് ആവിശ്യത്തിന് വേണമെങ്കിൽ ചേർക്കുക. നന്നായി ഇളക്കുക. ശേഷം പുഴുങ്ങിയ ഉരുളക്കിഴങ്ങ് നന്നായി ഉടയ്ക്കുക. നല്ല ലൂസ് തോന്നുന്നുണ്ടെങ്കിൽ കുറച്ച് റെസ്കപൊടി ചേർത്ത് ടൈറ്റാക്കുക. ഒരു പാത്രത്തിൽ കോഴിമുട്ടയും കുരുമുളകും അൽപം ഉപ്പും ചേർത്ത് ഇളക്കുക. വേറൊരു പാത്രത്തിൽ റെസ്കപൊടിയും ഇടുക. ആദ്യം കോഴിമുട്ടയിലും പിന്നെ റെസ്കപൊടിയിലും എന്ന രീതിയിൽ മുക്കി ഓയലിൽ പൊരിച്ചെടുക്കുക. **ഇടിച്ചക്ക കട്ടലൈറ്റ് റെഡി...**

NAFIHA NASAR

9 D

# ന്യൂജൻ സാഹിത്യം



## ചീസ്

ഒരു കല്ല്യാണ മണ്ഡലത്തിലൊ, ഏതൊരു
സന്തോഷ സൗഹൃദ  പരിപാടിയിലോ
ഇന്നുപോയാൽ, ഈ കൈയ്യിൽ ഒതുങ്ങുന്ന സാധനം, സെൽഫോൺ അഥവാ മൊബൈൽഫോൺ എന്ന ഓമന പേരിട്ടു വിളിക്കുന്ന സാധനം ഉയർത്തി പിടിച്ച്, അറിയാത്ത വഴികളിൽ ചെണ്ടും കൂർപ്പിച്ച്, ചീസോ, പീസോ ഇല്ലാതെ ആ പരിപാടി പൂർത്തിയാകില്ല.

## സ്വിച്ച്

പണ്ട ജാലകങ്ങൾ തുറന്ന കണ്ട കാഴ്ചകൾ, ഇന്ന് വിൻടോ സ്വിച്ച് ഓൺ ചെയ്ത കാണുന്നു.



അഫ്സൽ എം. കെ
HSST Arabic

# പോസിറ്റീവ് പാരന്റിങ്ങ്

ലോകം ഇന്ന് പരിശീലനങ്ങളുടെ പുറകേയാണ് . ഏത് മേഖലയിൽ ജോലിചെയ്യുന്നവരും ഏറ്റവും മികച്ച പരിശീലനം നേടിയതിന് ശേഷമാണ് അതിലേക്ക് പ്രവേശിക്കുന്നത്. സമൂഹത്തിലെ ഏറ്റവും ഉന്നതസ്ഥാനത്ത് പ്രവർത്തിക്കുന്നവർ മുതൽ ഗ്രാമങ്ങളിലെ കർഷകർ വരെ ഇന്ന് അവരവരുടെ തൊഴിൽ മേഖലകളെ കുറിച്ചുള്ള ഏറ്റവും പുതിയ അറിവുകൾ നേടുന്നവരും വ്യത്യസ്ത പരിശീലനങ്ങളിൽ ഏർപ്പെടുന്നവരും ആണ്. പുതിയകാലത്ത് പുതിയ രീതികളിലൂടെ ഏറ്റവും മികച്ച റിസൽട്ട് ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് ഇത്തരം പരിശീലനങ്ങളിൽ നിന്ന് ആളുകൾ പ്രതീക്ഷിക്കുന്നത്.



ഈ ഒരു സാഹചര്യത്തിലാണ് ഏറ്റവും കൂടുതൽ ശ്രദ്ധയും സൂക്ഷ്മതയും അറിവും വേണ്ട രക്ഷിതാവ് എന്ന ജോലി നമ്മൾ ഭൂരിപക്ഷം ആളുകളും ഒരു പരിശീലനമോ തയ്യാറെടുപ്പോ ഇല്ലാതെയാണ്.സ്വീകരിക്കുന്നത്. ഒരു സമൂഹത്തെ നല്ല രൂപത്തിൽ വളർത്തിയെടുക്കുന്നതിൽ ഏറ്റവും കൂടുതൽ ഉത്തരവാദിത്തം ഉള്ളവരാണ് രക്ഷിതാക്കൾ. ആ രക്ഷിതാക്കളാണ് മക്കളെ എങ്ങനെ വളർത്തണമെന്നോ എങ്ങോട്ട് നയിക്കണമെന്നോ അറിയാതെ നെഗറ്റീവ് പാരന്റിംഗ് രീതി സ്വീകരിച്ച കൊണ്ടിരിക്കുന്നത്.

നമ്മുടെ മക്കൾ ദൈവം നമുക്ക് നൽകിയ ഒരു ഗിഫ്റ്റ് ആണ് എന്ന ചിന്ത നമ്മുടെ മനസ്സിലേക്ക് പ്രവേശിക്കുമ്പോഴാണ് പോസിറ്റീവ് പാരന്റിംഗ് നമ്മളിൽ ആരംഭിക്കുന്നത്. നമുക്ക് ലഭിച്ച ഏറ്റവും അമൂല്യമായ സമ്മാനമാണ് എന്ന ചിന്ത വരുമ്പോഴാണ് നമ്മുടെ മക്കളെ സ്പർശിക്കുവാനും , തലോടാനും ചേർത്ത് പിടിക്കാനും നമുക്ക് സാധിക്കുന്നത് അങ്ങനെ പെരുമാറുമ്പോഴാണ് സ്നേഹനിധികളായ നമ്മുടെ മക്കൾ വളർന്ന വരികയുള്ളൂ.

രക്ഷിതാക്കൾ വിലപിടിപ്പുള്ള ഒരുപാട് സമ്മാനങ്ങൾ മക്കൾക്ക് വാങ്ങിക്കൊടുക്കുന്ന ഒരു കാലഘട്ടമാണ് ഇത്. നാം ശ്രദ്ധിക്കേണ്ടത് എത്ര സമ്മാനങ്ങൾ നാം നൽകിയാലും നമുക്ക് നമ്മുടെ മക്കൾക്ക് നൽകാനുള്ള ഏറ്റവും വിലപിടിപ്പുള്ള സമ്മാനം എന്നത് മാതാപിതാക്കൾക്കിടയിൽ ഉണ്ടാവേണ്ട സ്നേഹവും കരുണയും, പരിഗണനയും ആവണം. മാതാപിതാക്കൾക്ക് ഇടയിലുള്ള സൗഹൃദത്തോടുള്ള ബന്ധം ആയിരിക്കണം കുട്ടികൾ എപ്പോഴും കണ്ടുകൊണ്ടിരിക്കേണ്ടത്. ഇതായിരിക്കണം രക്ഷിതാക്കൾ

കൊടുക്കേണ്ട അമൂല്യ സമ്മാനം.

ഒരേ വീട്ടിൽ താമസിക്കുകയും പരസ്പരം സ്നേഹ ബഹുമാനങ്ങൾ ഇല്ലാതെ സ്നേഹത്തോടുകൂടി ഒരു വാക്കുപോലും സംസാരിക്കാതെ ജീവിക്കുകയും ചെയ്യുന്ന രക്ഷിതാക്കൾ സ്നേഹമുള്ള മക്കൾ ഉണ്ടാകണം എന്നാഗ്രഹിക്കുന്നത് മണ്ടത്തരമാണ്. മക്കളിൽനിന്ന് എന്താഗ്രഹിക്കുന്നുവോ അത് കാണിച്ചുകൊടുക്കുന്നതാണ് **പോസിറ്റീവ് പാരന്റിങ്ങ് എന്ന് പറയുന്നത്.** പലപ്പോഴും നമ്മുടെ കുടുംബങ്ങളിൽ കാണുന്നത് മക്കളോട് നല്ല ശീലങ്ങൾ ഉപദേശിക്കുകയും നമ്മുടെ ജീവിതത്തിൽ അത് ഇല്ലാതിരിക്കുകയും ആണ്. പോസിറ്റീവ്പാരന്റിങ്ങിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് എഫക്റ്റീവ് കമ്മ്യൂണിക്കേഷൻ എന്നത്.



മക്കളോട് സംസാരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം അവരുടെ കണ്ണിൽ നോക്കി സംസാരിക്കുക എന്നതാണ്. നമ്മൾ പലപ്പോഴും മക്കളോടും ഇണയോടും കണ്ണിൽ നോക്കി സംസാരിക്കാറുള്ളത് നമുക്ക് ദേഷ്യം വരുമ്പോഴാണ്. ചിലത് ചെയ്യരുത്,

എടുക്കരുത്, പറയരുത് തുടങ്ങിയ തിരുത്തലുകൾ ആവശ്യമായ സമയത്ത് മാത്രമാണ്. സ്നേഹത്തോടുകൂടി കണ്ണിൽ നോക്കി മക്കളോട് സംസാരിക്കുന്നത് വളരെ കുറച്ച് മാത്രമാണ്. eye contact എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. വളരെ ചെറിയ പ്രായത്തിൽതന്നെ മക്കളുടെ കണ്ണിൽ നോക്കി പോസിറ്റീവ് കാര്യങ്ങൾ പറയണം. മക്കളിൽനിന്ന് എന്താഗ്രഹിക്കുന്നുവോ അത് കാണിച്ചുകൊടുക്കണം പോസിറ്റീവ് പാരന്റിങ്ങ്സംസാരിച്ച ശീലമാക്കേണ്ടതുണ്ട്.

നമ്മുടെ സംസാരത്തിൽ ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം മക്കളെ പരസ്യമായി പുകഴ്ത്തി, പ്രശംസിച്ച് സംസാരിക്കുക എന്നതാണ്. മക്കളെ പുകഴ്ത്താനും പ്രശംസിക്കാനും കാരണം നാം രക്ഷിതാക്കൾ കണ്ടെത്തണം. മക്കൾ വലിയ കാര്യങ്ങൾ ചെയ്യുമ്പോൾ മാത്രം പുകഴ്ത്തുക എന്നത് നാം ഒഴിവാക്കണം.

